പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2699 **28-10-2026-ൽ മറുപടിയ്ക്ക്**

പുഴയോര സംരക്ഷണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുഴയോര സംരക്ഷണവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

മറുപടി: പുഴയോരങ്ങളിലെ മണ്ണൊലിപ്പും തീരമിടിച്ചിലും തടയുന്നതിനായി തീരസംരക്ഷണ ഭിത്തികളുടെ നിർമ്മാണപ്രവൃത്തികളാണ് ആവശ്യകതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത്. കൂടാതെ നദികളുടേയും അവയുടെ കൈവഴികളുടേയും കടവുകളുടെയും പുനരുദ്ധാരണം, പുഴകളുടെ ആഴംകൂട്ടൽ, പ്രളയത്തെ തുടർന്ന് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യൽ, ഫെൻസിംഗ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. പ്രവൃത്തിയുടെ ആവശ്യകതയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികളും പരിഗണിച്ച് പുഴകളുടെ പാർശ്വ സംരക്ഷണത്തിനായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ആയത് ബഡ്ജറ്റ്, പ്ലാൻ, നോൺ പ്ലാൻ, നദികളുടെ പുനരുജ്ജീവനം എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി മുൻഗണന അനുസരിച്ച് അംഗീകാരം നൽകി നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഫണ്ട്, RMF, SDRF എന്നിവ വിനിയോഗിച്ചും പുഴ തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(ബി) കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിലും മൊകേരി പഞ്ചായത്തിലും പുഴയോരങ്ങളിൽ കരയിടിച്ചിൽ ഉണ്ടായതിനാൽ വീടുകൾ ഉൾപ്പെടെ തകർച്ചാ ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ കാലവർഷത്തിൽ പുഴയോരങ്ങളിൽ കരയിടിഞ്ഞതും വീടുകൾക്കും റോഡുകൾക്കും ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ 1548 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾക്കും മൊകേരി ഗ്രാമപഞ്ചായത്തിൽ 743.7 ലക്ഷം രൂപയുടെ 7 പ്രവൃത്തികൾക്കും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പുഴയോര സംരക്ഷണവുമായി ബന്ധപ്പെട്ട് വ്യക്തികളും എം.എൽ.എ യും നൽകിയ അപേക്ഷകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും അപേക്ഷ ലഭ്യമാകുന്നത് അനുസരിച്ച് site സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തിയുടെ പ്രാധാന്യവും ആവശ്യകതയും പരിഗണിച്ച് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി ആനുവൽ പ്ലാനിലും ബഡ്ജറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

മറുപടി: പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും അപേക്ഷ ലഭ്യമാകുന്നത് അനുസരിച്ച് site സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തിയുടെ പ്രാധാന്യവും ആവശ്യകതയും പരിഗണിച്ച് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി ആനുവൽ പ്ലാനിലും ബഡ്ജറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ